ഉൾപ്പെടെ ബന്ധപ്പെട്ടരേഖകൾ പരിശോധിക്കുകയും ബന്ധപ്പെട്ടവരെ ചോദ്യം ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ കേസ് എടുക്കേണ്ടതായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ലെന്ന തീരുമാനത്തിൽ എത്തിയിരിക്കുകയാണ്. Preliminary Enquiry-യുടെ ഭാഗമായി നിയമപരമായി എടുക്കേണ്ട എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സത്യസന്ധമായും നീതിയുക്തമായുമാണ് പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) പരിഗണിച്ചിട്ടുണ്ട്.

(ജി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Lalithakumari Vs. State of Uttarpradesh-യിൽ നിർദ്ദേശിച്ചതുപോലെ പ്രാഥമിക അന്വേഷണം നടത്തിയതിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള മെറ്റീരിയൽസ് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പിന്നെയും ഒരു സത്വരാന്വേഷണത്തിന്റെ പ്രസക്തിയില്ല.

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

232 (240) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്രപരാതികൾ ലഭിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റുചെയ്തു; എസ്.സി, എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി ; എസ്.സി, എസ്.ടി വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെടുകയുണ്ടായി ; വർഷം, ജില്ല, പോലീസ് സ്റ്റേഷന്റെ പേര്, കൊല്ലപ്പെട്ടയാളിന്റെ പേര് എന്നിവ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കാലയളവിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ വിവിധകുറ്റങ്ങളുടെ പേരിൽ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്, വിട്ടയച്ചശേഷം ഇതിൽ എത്ര പേർ ആത്മഹത്യ ചെയ്കയോ ആശുപത്രിയിൽ മരിക്കുകയോ ചെയ്തിട്ടുണ്ട് ; വർഷം, ജില്ല, പോലീസ് സ്റ്റേഷൻ, മരിച്ചയാളിന്റെ പേര് എന്നിവ വ്യക്തമാക്കുമോ ;

(ഇ) ഈ കാലയളവിൽ എസ്.സി, എസ്.ടി. വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 4,583 പരാതികൾ ലഭിച്ചു. 4,189 കേസുകൾ രജിസ്റ്റർ ചെയ്തു. 3,276 പേരെ അറസ്റ്റുചെയ്തു. എസ്.സി./എസ്.ടി., വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 49 പേർ കൊല്ലപ്പെടുകയുണ്ടായി. എസ്.സി./എസ്.ടി., വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഈ കാലയളവിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ആരുംതന്നെ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടില്ല.

(ഡി) 1,814 പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. വിട്ടയച്ചശേഷം ഇതിൽ ആരും ആത്മഹത്യ ചെയ്തിട്ടില്ല. പിന്നീട് ആശുപത്രിയിൽ ഒരാൾ മരിച്ചിട്ടുണ്ട്. 11-7-2015-ൽ കോട്ടയം ജില്ലയിൽ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 528/2015-ാം നമ്പർ കേസിൽ സിബി @ പാപ്പച്ചൻ എന്നയാൾ പോലീസ് കസ്റ്റഡിയിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ചശേഷം ആശുപത്രിയിൽ മരണപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഇ) 7 പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. തസ്തിക തരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

ജയിൽ വാർഡന്മാരുടെ നിയമനം

233 (241) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് ആനുപാതികമായി ജയിൽ വാർഡൻമാർ ഉണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly